<u>15 -ാം കേരള നിയമസഭ</u>

<u>2 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2772</u> <u>03-08-2021 - ൽ മറുപടിയ്ക്ക്</u>

<u>വിളകൾക്ക് തറവില</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | മരച്ചീനിയും വാഴയും കൈതച്ചക്കയും കൃഷി ചെയ്യുന്ന കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾക്ക് തറവില പോലും ലഭ്യമാകാത്ത അവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കാൻ നടപടി സ്വീകരിക്കുമോ? | (എ) | 16 ഇനം പച്ചക്കറികൾക്ക് അടിസ്ഥാന വില നൽകുന്ന പദ്ധതി പ്രകാരം AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്ത അർഹരായ കർഷകർക്ക് അടിസ്ഥാന വില ലഭ്യമാക്കുന്നതിന് ഈ വർഷം 10.00 കോടി രൂപ വകയിരുത്തിയിട്ടുള്ളതും 06/07/2021 ലെ GO (Rt) 580/2021/Agri നം. ഉത്തരവ് പ്രകാരം ടി തുകയ്ക്ക് ഭരണാനുമതി നൽകിയിട്ടുള്ളതുമാണ്. അടച്ചിടൽ കാരണം മരച്ചീനി വിറ്റഴിക്കുന്നതിന് കർഷകർക്ക് ബുദ്ധിമുട്ടുണ്ടായ സാഹചര്യത്തിൽ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്യാത്ത കർഷകരുടെയും മരച്ചീനി അടിസ്ഥാന വിലക്ക് സംഭരിക്കുന്നതിനു ഹോർട്ടികോർപിന് നിർദേശം നൽകുകയും അതുപ്രകാരം ഹോർട്ടികോർപ്പ് വിപണിയിൽ ഇടപെടുകയും ചെയ്തു. കൂടാതെ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ നഗര പ്രദേശങ്ങളിൽ വഴിയോര വിപണികൾ സംഘടിപ്പിക്കുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ക്ഷീര സഹകരണ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ മരച്ചീനി വിറ്റഴിക്കുന്നതിനുള്ള നേതൃത്വം കൃഷി ഓഫീസർമാർ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. അടിസ്ഥാന വില പദ്ധതി പ്രകാരം 2020-21 വർഷത്തിൽ വിവിധ ജില്ലകളിൽ 2712 കർഷകർക്ക് 3.021 കോടി രൂപ നൽകുകയും 2187 കർഷകർക്ക് 1.54 കോടി രൂപ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ കീഴിൽ 28.07.2021 വരെ 61439 കർഷകരാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇതിൽ 31640 കർഷകർ വാഴക്കൃഷിക്കും 618 കർഷകർ പൈനാപ്പിൾ കൃഷിക്കും 7705 കർഷകർ മരച്ചീനി കൃഷിക്കും രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ